# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.09.2025**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ സാധാരണക്കാർക്ക് വേണ്ടിയാണ് ജിഎസ്ടി നിരക്കുകളിലെ പരിഷ്കാരമെന്നും നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതോടെ നിത്യോപയോഗ സാധനങ്ങളുടെ വില കുറയുമെന്നും കേന്ദ്ര സർക്കാർ.

2. റഷ്യൻ എണ്ണ വാങ്ങുന്നത് തുടരുമെന്നും ദേശീയ താത്പര്യം മുൻനിർത്തിയായിരിക്കും തീരുമാനങ്ങൾ കൈക്കൊള്ളുകയെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

3. ഇന്ന് മൂന്നാം ഓണം; അവിട്ടം ദിനത്തിലെ ആഘോഷങ്ങൾക്കിടയിൽ, പ്രകൃതിയുടെ നിറക്കൂട്ടുകൾ ചാലിക്കുന്ന നീലംപേരൂർ പടയണി ഇന്ന്; പാലക്കാട് പല്ലശ്ശനയിൽ അവിട്ടത്തല്ല് അരങ്ങേറും.

4. ശ്രീനാരായണഗുരുദേവന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും.

5. കേരള ക്രിക്കറ്റ് ലീഗ് കലാശ പോരാട്ടത്തിൽ നാളെ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സും ഏറ്റുമുട്ടും.

************************************

RNU TVPM

## ജിഎസ്ടി (ഇൻട്രോ)

രാജ്യത്തെ സാധാരണക്കാർക്ക് വേണ്ടിയാണ് ജിഎസ്ടി നിരക്കുകളിലെ പുതിയ പരിഷ്കാരമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. പുതിയ ജിഎസ്ടി നിരക്ക് പ്രാബല്യത്തിൽ വരുന്നതോടെ മിക്ക നിത്യോപയോഗ സാധനങ്ങൾക്കും വില കുറയും. ചെലവ് കുറയ്ക്കുക, ഉത്പാദനം വർധിപ്പിക്കുക, സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ പരിഷ്കരണത്തിനുണ്ട്.

**ജിഎസ്ടി 2.0 വിപ്ലവകരമായ ഭരണ പരിഷ്കാരമാണെന്ന് തിരുവനന്തപുരം സെൻട്രൽ ജിഎസ്ടി ടെക്നിക്കൽ സൂപ്രണ്ട് അശോക നാരായണൻ എസ്. ആകാശവാണി വാർത്തകളോട് പറഞ്ഞു..**

(വോയിസ്)

RNU TVPM

***********************************

## നരേന്ദ്ര മോദി - ട്രംപ്

ഇന്ത്യയും യുഎസും തമ്മിൽ ഭാവാത്മകവും പുരോഗമനപരവും സമഗ്രവുമായ പങ്കാളിത്തമാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ ആഗോള ബന്ധത്തേ കുറിച്ചുള്ള പ്രസിഡന്റ് ട്രംപിന്റെ വിലയിരുത്തലിനെ മാനിക്കുന്നതായി പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയും യുഎസും തമ്മിൽ സവിശേഷ ബന്ധമുണ്ടെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആശങ്കപ്പെടേണ്ട കാര്യമില്ലെന്നുമുള്ള ട്രംപിന്റെ പ്രസ്ഥാവനയോടാണ് പ്രധാനമന്ത്രിയുടെ പ്രതികരണമാണിത്. ശ്രീ മോദി മികച്ച പ്രധാനമന്ത്രിയാണെന്നും, സുഹൃത്തുക്കളായി തുടരുമെന്നും ട്രംപ് വ്യക്തമാക്കി.

*************************************

## നിർമ്മല സീതാരാമൻ

ഇന്ത്യ റഷ്യൻ എണ്ണ വാങ്ങുന്നത് തുടരുമെന്നും ദേശീയ താത്പര്യം മാത്രം മുൻനിർത്തിയായിരിക്കും ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുകയെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. രാജ്യത്തിന്റെ ആവശ്യകതയും ചെലവും അടിസ്ഥാനമാക്കിയാകും തീരുമാനം. പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഉപഭോഗം മെച്ചപ്പെടുത്തുമെന്നും അത് മൂലധനച്ചെലവിനെ ബാധിക്കില്ലെന്നും ധനമന്ത്രി വ്യക്തമാക്കി.

*************************************

## പ്രധാനമന്ത്രി-സന്ദർശനം

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളപ്പൊക്ക ബാധിത സംസ്ഥാനങ്ങൾ സന്ദർശിക്കും. തുടർച്ചയായ മഴ ജമ്മു കശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ് ഉൾപ്പെടെ ഉത്തരേന്ത്യയിലെ നിരവധി പ്രദേശങ്ങളിൽ നാശം വിതച്ചിരുന്നു. മഴയും മണ്ണിടിച്ചിലും മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രിതല കേന്ദ്ര സംഘം ഇന്നലെ ജമ്മു കശ്മീർ റീസി, ഉദംപൂർ ജില്ലകൾ സന്ദർശിച്ചു.

*************************************

## ശ്രീനാരായണഗുരു ജയന്തി

ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ നാളെ നടക്കും. വർക്കല ശിവഗിരിയിൽ രാവിലെ പത്തിന് ജയന്തിസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചെമ്പഴന്തി

ഗുരുകുലത്തിൽ ജയന്തിസമ്മേളനം വൈകിട്ട് 6.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
***************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.
***************************************

## ഓണം

അവിട്ടം നാളായ ഇന്ന് മലയാളികൾ മൂന്നാം ഓണം ആഘോഷിക്കുന്നു.

**(UNDERPLAY MUSIC)**

PNU TVPM

ആഘോഷ ആരവങ്ങൾക്കിടയിലും വ്യത്യസ്തമായ നിലനിൽക്കുന്ന ആചാരങ്ങളിൽ കൂടി ഊന്നൽ നൽകിയാണ് മലയാളികൾ ഓണം കൊണ്ടാടുന്നത്. ബന്ധുവീടുകളിലെ സന്ദർശനവും സൗഹൃദക്കൂട്ടായ്മകളുമാണ് മൂന്നാം ഓണത്തിന്റെ സവിശേഷത. തിരുവോണസദ്യയിൽ ബാക്കിയാകുന്ന കറികൾ കൂട്ടിച്ചേർത്ത് പഴംകൂട്ടാൻ ഉണ്ടാക്കുന്നത് മൂന്നാം ഓണത്തിലെ പ്രത്യേകതയാണ്. തിരുവോണം സമൃദ്ധിയെ സൂചിപ്പിക്കുമ്പോൾ അവിട്ടം നാളിലെ ഈ പഴങ്കൂട്ട് വിഭവം ഭക്ഷണം പാഴാക്കാതെ ഉപയോഗിക്കുന്നതിനെ കുറിച്ചും മലയാളിയെ ഓർമ്മിപ്പിക്കുന്നു.
***************************************

## കുട്ടനാട് - നീലംപേരൂർ പടയണി (ഇൻട്രോ)

പ്രകൃതിയുടെ നിറക്കൂട്ടുകൾ ചാലിക്കുന്ന പ്രസിദ്ധമായ നീലംപേരൂർ പടയണിക്ക് ഒരുക്കങ്ങൾ പൂർത്തിയായി ഇന്ന് രാത്രി ചൂട്ട് വെളിച്ചത്തിന്റെ പൊൻപ്രഭയിൽ ആദ്യ പടയണി എഴുന്നള്ളും.
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

************************************

## പല്ലശ്ശന - അവിട്ടത്തല്ല് (ഇൻട്രോ)

ഓണാഘോഷങ്ങളോട് അനുബന്ധിച്ച് ഇന്ന് പാലക്കാട് പല്ലശ്ശനയിൽ അവിട്ടത്തല്ല് അരങ്ങേറും. തിരുവോണ നാളിൽ നടന്ന ഓണത്തല്ലിന്റെ തുടർച്ചയായാണ് ഇന്ന് അവിട്ടത്തല്ല് നടക്കുക.
**വിശദാംശങ്ങളുമായി പാലക്കാട് ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

RNU TVPM

(വോയിസ്)

************************************

## ശബരിമല - ഓണസദ്യ (ഇൻട്രോ)

ശബരിമലയിൽ അവിട്ടം ദിനത്തിൽ ഓണസദ്യയുണ്ട് ആയിരങ്ങൾ. സുഗമമായ ദർശനഭാഗ്യത്തിൽ തിരുവോണ സദ്യയുണ്ട് ആയിരങ്ങൾ.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയിസ്)

************************************

## ഡ്രോൺ ഷോ

കാണികളിൽ കൗതുകവും വിസ്മയവും പടർത്തി മെഗാ ഡ്രോൺ ഷോ. ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഡ്രോൺ ഷോ ഇന്നും തുടരും. രാത്രി 8.45 മുതൽ 9.15 വരെയാണ് പ്രദർശനം. കേരളത്തിന്റെ പൈതൃകവും ഓണത്തിന്റെ ആത്മാവും അവതരിപ്പിക്കുന്ന വിധത്തിൽ ആയിരക്കണക്കിന് ഡ്രോണുകളാണ് 20 മിനിറ്റുള്ള പ്രകടനത്തിൽ മാനത്ത് മിന്നി മറയുന്നത്. കേരളത്തിന്റെ വികസന പുരോഗതിയുടെ ചെറു ചിത്രം മാത്രമാണ് ഇതെന്ന് ഡ്രോൺ ഷോ കാണുന്നതിനായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ എത്തിയ വിനോദസഞ്ചാര മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

************************************

RNU TVPM

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം ബാധിച്ചു ഒരാൾ കൂടി മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന വയനാട് മാനന്തവാടി സ്വദേശി സ്വദേശി രതീഷ് ആണ് മരിച്ചത്. ഇയാൾക്ക് കരൾ, കിഡ്നി സംബന്ധമായ അസുഖങ്ങളും ഉണ്ടായിരുന്നതായി ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. കഴിഞ്ഞ ദിവസ്സങ്ങളിൽ കോഴിക്കോട് സ്വദേശിയായ രണ്ട് കുട്ടികളും മലപ്പുറം സ്വദേശിയായ ഒരു സ്ത്രീയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചിരുന്നു. നിലവിൽ 10 പേരാണ് ചികിൽസയിലുള്ളത്. ഒരാളുടെ നില ഗുരുതരമാണ്.

************************************

## കണ്ണൂർ - കുമിൾ രോഗം (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ, തുടർച്ചയായി പെയ്ത മഴ കാർഷിക മേഖലയിൽ വലിയ നഷ്ടമാണ് ഉണ്ടാക്കിയത്. മലയോര മേഖലയിൽ റബ്ബർ മരങ്ങളിൽ വ്യാപകമായി കൊണ്ടിരിക്കുന്ന കുമിൾ രോഗം കർഷകരെ ആശങ്കയിലാക്കിയിരിക്കുകയാണ്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

(വോയിസ്)

************************************

RNU TVPM

## കെസിഎൽ

കേരള ക്രിക്കറ്റ് ലീഗ് കലാശ പോരാട്ടത്തിൽ നാളെ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സും ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ വൈകുന്നേരം 06.45 നാണ് മത്സരം. സെമിയിൽ കൊച്ചി, കാലിക്കറ്റ് ഗ്ലോബ് സ്റ്റാഴ്സിനെയും കൊല്ലം, തൃശ്ശൂർ ടൈറ്റൻസിനെയുമാണ് തോൽപ്പിച്ചത്.

************************************

## ഏഷ്യാ കപ്പ് ഹോക്കി

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ന് നടക്കുന്ന സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും. വൈകുന്നേരം 7:30 ന് രാജ്ഗീർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം.

*

*******************

****************************************************

RNU TVPM